**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 195** **04-10-2021 - ൽ മറുപടിയ്ക്ക്**

**കൊവിഡ് രോഗികളുടെ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കോവിഡ് രോഗികളുടെ എണ്ണത്തിലും, റ്റി.പി.ആർ.-ലും, ചികിത്സയിലുള്ള രോഗികളുടെ എണ്ണത്തിലും കേരളം വളരെ മുന്നിലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവിടെ കോവിഡ് രോഗികളുടെ എണ്ണം വർദ്ധിക്കുവാനുണ്ടായ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഇന്ത്യയൊട്ടാകെ രണ്ടാം തരംഗം ആരംഭിച്ചത് മാർച്ച് മാസത്തോടു കൂടിയാണെങ്കിലും കേരളത്തിലെ കേസുകൾ വർദ്ധിച്ചു തുടങ്ങിയത് ഏപ്രിൽ ആദ്യ വാരത്തോടെയാണ്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ നിലവിലെ കേസുകൾ കൂടുതലാണെങ്കിലും ഇത് ഒരു ഘട്ടത്തിലും കേരളത്തിലെ ആരോഗ്യ സംവിധാനത്തെ സമ്മർദ്ദത്തിലാക്കുന്ന തരത്തിലേയ്ക്ക് എത്തിയിരുന്നില്ല. ഏപ്രിൽ മാസത്തിൽ കേസുകൾ വർദ്ധിച്ചു തുടങ്ങി മെയ്, ജൂൺ മാസങ്ങളിൽ അതിന്റെ പാരമ്യത്തിലെത്തുകയും പിന്നീട് കുറഞ്ഞു തുടങ്ങുകയും ചെയ്തു. ഇതോടൊപ്പം ഐസിഎംആർ ന്റെ സീറോ സർവ്വയലൻസ് പഠനത്തിൽ കേരളത്തിലെ രോഗവ്യാപനം 44% പേരിൽ മാത്രമാണെന്നും അതിനാൽ തന്നെ പ്രമേഹവും രക്താദിസമ്മർദ്ദവും ഏറ്റവുമധികം ഉള്ള കേരളത്തിൽ ഇനിയും കൂടുതലാളുകൾക്ക് രോഗം വരാനുള്ള സാധ്യത ഉണ്ട് എന്നുമാണ് കണ്ടെത്തിയത്. ഇത് സൂചിപ്പിച്ചത് കേരളത്തിലെ കോവിഡ് പ്രവർത്തനങ്ങൾ ഫലപ്രദമായിരുന്നു എന്നാണ്. മാത്രമല്ല ഓണത്തിനു ശേഷവും കേരളത്തിൽ കേസുകളുടെ എണ്ണത്തിൽ വലിയൊരു കുതിച്ചുചാട്ടം പ്രതീക്ഷിച്ചിരുന്നുവെങ്കിലും ചിട്ടയായ പ്രവർത്തനങ്ങളിലൂടെ അത് തടയാൻ സാധിച്ചു. മാസംതോറുമുള്ള മരണങ്ങളുടെ എണ്ണവും മരണനിരക്കും ജനസാന്ദ്രതയും മറ്റു അനുബന്ധ രോഗങ്ങളും കൂടുതലുള്ള കേരളം പോലൊരു സംസ്ഥാനത്ത് മരണം വർദ്ധിച്ചിട്ടില്ല എന്നതും എടുത്ത് പറയേണ്ടതാണ്. |
| (ബി) | ആരോഗ്യ പരിപാലന രംഗത്ത് ഇന്ത്യയിൽ തന്നെ മുൻപന്തിയിലാണ് കേരളം എന്ന് അവകാശപ്പെടുമ്പോഴും കോവിഡ് നിയന്ത്രണവിധേയമാകാതെ പോകുന്നത് സർക്കാർ | (ബി) | കോവിഡ് ചികിത്സയും പ്രതിരോധ പ്രവർത്തനവും ശക്തമാക്കുന്നതിനായി മറ്റ് വകുപ്പുകളുമായി ചേർന്ന് ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഇതിനായി തദ്ദേശ വകുപ്പ്, റവന്യൂ |

| | | | |
|---|---|---|---|
| | വകുപ്പകളുടെ ഏകോപനമില്ലായ്മ മൂലമാണോ എന്ന കാര്യം പരിശോധിക്കുമോ; വിശദ വിവരം നൽകുമോ; | | വകുപ്പ്, പോലീസ് വകുപ്പ്, സാമൂഹികക്ഷേമ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പകളുമായി ചേർന്നുള്ള ഒത്തൊരുമിച്ചുള്ള പ്രവർത്തനമാണ് നടത്തി വരുന്നത്. ഇന്ത്യയൊട്ടാകെ രണ്ടാം തരംഗം ആരംഭിച്ചത് മാർച്ച് മാസത്തോട് കൂടിയാണെങ്കിലും കേരളത്തിലെ കേസുകൾ വർദ്ധിച്ചു തുടങ്ങിയത് ഏപ്രിൽ ആദ്യ വാരത്തോടെയാണ്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ നിലവിലെ കേസുകൾ കൂടുതലാണെങ്കിലും ഇത് ഒരു ഘട്ടത്തിലും കേരളത്തിലെ ആരോഗ്യ സംവിധാനത്തെ സമ്മർദ്ദത്തിലാക്കുന്ന തരത്തിലേയ്ക്ക് എത്തിയിരുന്നില്ല. ഏപ്രിൽ മാസത്തിൽ കേസുകൾ വർദ്ധിച്ചു തുടങ്ങി മെയ്, ജൂൺ മാസങ്ങളിൽ അതിന്റെ പാരമ്യത്തിലെത്തുകയും പിന്നീട് കുറഞ്ഞു തുടങ്ങുകയും ചെയ്തു. |
| (സി) | സംസ്ഥാനത്തെ സ്കൂളുകൾ നവംബർ മാസം മുതൽ തുറക്കുവാൻ മുന്നൊരുക്കം ആരംഭിച്ച സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന തുടർ നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (സി) | സംസ്ഥാനത്തെ സ്കൂളുകൾ നവംബർ മാസം മുതൽ തുറക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിക്കുന്നു എന്ന് ഉറപ്പാക്കുന്നു. 1. ശാരീരിക അകലം പാലിക്കുക. 2. കൈകൾ ഇടയ്ക്കിടെ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകി സാനിറ്റൈസർ ഉപയോഗിച്ച് അണുവിമുക്തമാക്കുക. 3. മാസ്ക് ശരിയായി ധരിക്കുക. 4. പ്രതലങ്ങളും വസ്തുക്കളും മുറികളും കുട്ടികളെ കൊണ്ടുവരുന്ന വാഹനങ്ങളും ഇടവേളകളിൽ അണുവിമുക്തമാക്കുക. 5. കോവിഡ് ലക്ഷണങ്ങൾ തിരിച്ചറിയുക, ലക്ഷണങ്ങളുണ്ടെങ്കിൽ കരുതൽ നിരീക്ഷണത്തിൽ കഴിയുക. 6. അദ്ധ്യാപകർ, അനദ്ധ്യാപകർ, ഡ്രൈവർ, സഹായികൾ തുടങ്ങിയ ജീവനക്കാർ കോവിഡ് വാക്സിനേഷൻ സ്വീകരിക്കുക. സ്കൂൾ തുറക്കുന്നതിന് മുൻപായി ആരോഗ്യ വകുപ്പ് താഴെപറയുന്ന പ്രവർത്തനങ്ങൾ നടത്തുവാനുദ്ദേശിക്കുന്നു. 1. ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിൽ പ്രിൻസിപ്പൽമാർ, ഹെഡ് മാസ്റ്റർമാർ, അദ്ധ്യാപകരക്ഷാകർതൃ സമിതികളുടെ ഭാരവാഹികൾ എന്നിവരുടെ യോഗങ്ങൾ ആരോഗ്യ വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്നു. 2. സ്കൂൾ തലത്തിൽ പിടിഎ മീറ്റിംഗുകൾ ക്ലാസ് ചുമതലയുള്ള അദ്ധ്യാപകരുടെ നേതൃത്വത്തിൽ നടത്തുന്നു. 3. എൻഎസ്എസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, സ്കൗട്ട് ആന്റ് ഗൈഡ്സ് വോളന്റിയർമാർ എന്നിവർക്ക് കോവിഡ് പ്രതിരോധ അനുയോജ്യ പെരുമാറ്റങ്ങളുടെ പാലനത്തെക്കുറിച്ച് പരിശീലനം. 4. കുട്ടികളെ കൊണ്ടു വരുന്ന വാഹനങ്ങളിലെ |

| | | | |
|---|---|---|---|
| | | | ജീവനക്കാർക്ക് പരിശീലനം. 5. സ്കൂളിലെ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുന്നവർക്ക് പരിശീലനം. 6. കൈകഴുകുന്നതിനും സാനിറ്റൈസ് ചെയ്യുന്നതിനും കവാടങ്ങളിൽ സൗകര്യം ഒരുക്കുക, ബോധവത്ക്കരണ സാമഗ്രികൾ പ്രദർശിപ്പിക്കുക. കൂടാതെ, സ്കൂൾ തുറക്കുന്നതിനുള്ള അന്തിമ മാർഗ്ഗനിർദ്ദേശങ്ങൾ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് തയ്യാറാക്കുന്നതിലേക്കായി ആരോഗ്യ വകുപ്പ് ഡയറക്ടറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി ചേർന്ന് ഇതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ